# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** 15-12-2014- ൽ മറുപടിക്ക്
**ചോദ്യം നമ്പർ: 3757**

## തുറമുഖ വകുപ്പിനെ കേരള മാരിടൈം ബോർഡാക്കി മാറ്റിയ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജി.സുധാകരൻ :** | **ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)** |
| (എ) തുറമുഖ വകുപ്പിനെ കേരള മാരിടൈം ബോർഡാക്കി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഓർഡിനൻസിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) തുറമുഖ വകുപ്പിനെ കേരള മാരിടൈം ബോർഡാക്കി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഓർഡിനൻസിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) തുറമുഖ വകുപ്പിലെ ജീവനക്കാർക്ക് നിലവിൽ സർക്കാർ ജീവനക്കാർ എന്ന നിലയ്ക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും കേരള മാരിടൈം ബോർഡ് രൂപീകരിച്ചാൽ ലഭ്യമാക്കുമോ ; | (ബി) മാരിടൈം ബോർഡ് ഓർഡിനൻസ് സെക്ഷൻ 16 (f), സെക്ഷൻ 17 പ്രകാരം തുറമുഖ വകുപ്പിലെ നിലവിലുള്ള എല്ലാ സർക്കാർ ജീവനക്കാരേയും നിർദ്ദിഷ്ട മാരിടൈം ബോർഡിലെ ജീവനക്കാരാക്കി മാറ്റിയിട്ടുണ്ട്. സെക്ഷൻ 18 പ്രകാരം ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്, പെൻഷൻ ഫണ്ട് ഉൾപ്പടെയുള്ള എല്ലാ ഫണ്ടുകളും ബോർഡിലേക്ക് ട്രാൻസ്ഫർ ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ജീവനക്കാരുടെ മാസ ശമ്പളം, പെൻഷൻ തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും നൽകേണ്ടത് കേരള മാരിടൈം ബോർഡിന്റെ ബാധ്യതയാണ്. |
| (സി) കേരള സ്റ്റേറ്റ് മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷനെ | (സി) ഉണ്ട്. നിർദ്ദിഷ്ട ഓർഡിനൻസ് സെക്ഷൻ 10 പ്രകാരം കേരള സ്റ്റേറ്റ് മാരിടൈം |

| | | | |
|---|---|---|---|
| | കേരള മാരിടൈം ബോർഡിൽ ലയിപ്പിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | | ഡവലപ്മെന്റ് കോർപ്പറേഷനേയും സെക്ഷൻ 12 പ്രകാരം അതിലെ ജീവനക്കാരേയും മാരിടൈം ബോർഡിലേക്ക് മാറ്റിയിട്ടുണ്ട്. |
| (ഡി) | തുറമുഖ വകുപ്പിന്റെ ഭാഗമായ ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിനെ ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ ; | (ഡി) | തുറമുഖ വകുപ്പിന്റെ ഭാഗമായ, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിനെ ബോർഡിൽ ഉൾപ്പെടുത്തിയിട്ടില്ല. സെക്ഷൻ 14(3) പ്രകാരം ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിലെ ജീവനക്കാരെ സർക്കാരിന്റെ അനുമതിയോടു കൂടി ആവശ്യമായി വന്നാൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ബോർഡിലേയ്ക്ക് നിയമിക്കാവുന്നതാണ്. |
| (ഇ) | ബോർഡിലേയ്ക്ക് ജീവനക്കാരെ മാറ്റുമ്പോൾ താല്പര്യമുള്ള ജീവനക്കാർക്ക് മറ്റ് വകുപ്പുകളിലേയ്ക്ക് പോകുവാൻ ഓപ്ഷൻ നൽകുമോ ; വ്യക്തമാക്കുമോ ; | (ഇ) | നിർദ്ദിഷ്ട ഓർഡിനൻസ് വ്യവസ്ഥകൾ പ്രകാരം ജീവനക്കാർക്ക് മറ്റ് വകുപ്പുകളിലേക്ക് പോകാനുള്ള ഓപ്ഷൻ സൗകര്യം അനുവദിച്ചിട്ടില്ല. |
| (എഫ്) | ഹിന്ദു ധർമ്മ സ്ഥാപന (ഭരണ) വകുപ്പിനെ മലബാർ ദേവസ്വം ബോർഡ് ആക്കി മാറ്റിയപ്പോൾ അവിടെ നിലവിലുണ്ടായിരുന്ന ജീവനക്കാരെ സർക്കാർ ജീവനക്കാരായി നിലനിർത്തിയ അതേ വ്യവസ്ഥകൾ തുറമുഖ വകുപ്പിൽ നിലവിലുള്ള ജീവനക്കാർക്കും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ? | (എഫ്) | നിർദ്ദിഷ്ട ബോർഡിൽ ഇത്തരത്തിൽ ഒരു വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്